പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7772 — 15.07.2014 - ൽ മറുപടിയ്ക്ക്

# ക്രിമിനൽ കേസുകളിൽ പ്രതികളായ വനം വകുപ്പ് ഉദ്യോഗസ്ഥർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
| എ. വനം വകുപ്പിൽ ക്രിമിനൽ കേസിൽ പ്രതികളായ എത്ര ജീവനക്കാരാണ് ഉള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ ; | എ. വനം വകുപ്പിൽ 67 ജീവനക്കാർക്കെതിരെ ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ | - 1 |
| അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ | - 6 |
| റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | - 18 |
| ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | - 5 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | - 12 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | - 17 |
| ക്ലാർക്ക് | - 2 |
| സീനിയർ ക്ലാർക്ക് | - 4 |
| ജൂനിയർ സൂപ്രണ്ട് | 1 |
| ഹെഡ് അക്കൗണ്ടന്റ് | - 1 |
| **ആകെ** | - 67 |

| | | | |
|---|---|---|---|
| ബി. | വനം വകുപ്പിലെ ജീവനക്കാർ പ്രതികളായ ക്രിമിനൽ കേസുകളിൽ വിചാരണ പൂർത്തിയാക്കി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കേസുകളുടെ വിവരവും ഇനിയും വിചാരണ ആരംഭിക്കാത്ത കേസുകളുടെ വിവരവും വ്യക്തമാക്കുമോ ; | ബി. | വനം വകുപ്പിലെ ജീവനക്കാർ പ്രതികളായ ക്രിമിനൽ കേസുകളിൽ വിചാരണ പൂർത്തിയാക്കി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കേസുകളുടെ വിവരവും ഇനിയും വിചാരണ ആരംഭിക്കാത്ത കേസുകളുടെ വിവരവും അനുബന്ധം 1 ഉം, 2 ഉം ആയി ചുവടെ ചേർക്കുന്നു. |
| സി. | വനം വകുപ്പിലെ ക്രിമിനൽ കേസിൽ പ്രതികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ നൽകാത്തതായി ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ കാരണവും വ്യക്തമാക്കുമോ ; | സി. | ഉണ്ട്. വനം വകുപ്പിൽ ക്രിമിനൽ കേസിൽ പ്രതികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിനായി പ്രോസിക്യൂഷൻ സാങ്ഷൻ നൽകാത്ത കേസുകൾ ചുവടെ ചേർക്കുന്നു.<br>കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട കേസിൽ ശ്രീ. റ്റി. പ്രദീപ്കുമാർ ഡിവിഷണൽ ഫോറസ്റ്റാഫീസറെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി പ്രോസിക്യൂഷൻ സാങ്ഷനുവേണ്ടി അപേക്ഷ ലഭിച്ചുവെങ്കിലും ടിയാനെതിരെ വ്യക്തമായ തെളിവുകൾ ഇല്ലാത്തതിനാൽ പ്രോസിക്യൂഷൻ സാങ്ഷൻ നിഷേധിച്ചു. സർക്കാർ ഭൂമി കയ്യേറിയതിനെത്തുടർന്ന് സ്വകാര്യ-വ്യക്തിയെ സർക്കാർ ഭൂമിയിൽ നിന്ന് ഒഴിപ്പിച്ചതുമായി ബന്ധപ്പെട്ട് പോലീസ് ചാർജ്ജ് ചെയ്ത കേസിൽ കോടനാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെയും ജീവനക്കാരെയും പ്രോസിക്യൂട്ട് ചെയ്യുന്നതിനായി പ്രോസിക്യൂഷൻ സാങ്ഷനുവേണ്ടി അപേക്ഷ ലഭിച്ചുവെങ്കിലും ജീവനക്കാർ സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടി മാത്രമാണ് സ്വീകരിച്ചതെന്ന് |

ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന് പ്രോസിക്യൂഷൻ സാങ്ഷന് അനുമതി നൽകിയില്ല. അന്വേഷണം പൂർത്തിയാക്കി വിചാരണ ആരംഭിക്കാത്ത കേസുകളിൽ പ്രോസിക്യൂഷൻ സാങ്ഷൻ നൽകിയിട്ടില്ല.

ഡി. കുറ്റവാളികളായ ഉദ്യോഗസ്ഥരെ വിചാരണ ചെയ്യുന്നതിന് പ്രോസിക്യൂഷൻ സാങ്ഷൻ ആവശ്യമില്ലെന്ന സുപ്രീം കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതനുസരിച്ച് എന്തു നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളതെന്നും ഇതനുസരിച്ച് തടഞ്ഞുവയ്ക്കപ്പെട്ടിരിക്കുന്ന പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്നും വിശദമാക്കുമോ ?

ഡി. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കിയ കേസ്സുകളിൽ പ്രോസിക്യൂഷൻ സാങ്ഷൻ നൽകിയിട്ടുണ്ട്. പ്രോസിക്യൂഷൻ നടപടികളൊന്നും തടഞ്ഞു വെച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

## വിചാരണ പൂർത്തിയാക്കി ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തിയ കേസ്സുകളുടെ വിവരം

1. വയനാട് ജില്ലയിലെ തൊണ്ടർനാട് വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 1130/ൽ തെറ്റായ പട്ടയവിതരണവും അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് റെയിഞ്ചാഫീസർമാരായ ശ്രീ. സി.രഘുത്തമൻ ശ്രീ. കെ.കെ. ഗോവിന്ദൻ എന്നിവർക്ക് എതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വയനാട് VC-6/97/WND ആയി കേസ്സ് രജിസ്റ്റർ ചെയ്യുകയും ടി കേസ്സിൽ ശ്രീ. രഘുത്തമനെയും ശ്രീ. കെ.കെ. ഗോവിന്ദനെയും രണ്ടുവർഷത്തെ കഠിന തടവിനും 2000/- രൂപ വീതം പിഴയായും, പിഴ ഒടുക്കിയില്ലെങ്കിൽ മൂന്നു മാസത്തെ കഠിനതടവിനും, കൂടാതെ ശ്രീ. രഘുത്തമനെ ആറുമാസത്തെ കഠിനതടവിനും കൂടി ശിക്ഷിച്ചുകൊണ്ട് 30.11.2010-ൽ കേസ്സിൽ വിജിലൻസ് കോടതി വിധിച്ചിട്ടുണ്ട്.

2. പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ റെയിഞ്ച് ഫോറസ്റ്റാഫീസർ ശ്രീ. രാജേന്ദ്രൻ പിള്ളയ്ക്കെതിരെ ടിയാന്റെ ഭാര്യയുടെ പരാതിയുടെ അടിസ്ഥാനത്തിൽ അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ 173/03 നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ ടിയാനെ രണ്ടു വർഷം ജയിൽശിക്ഷയും 5,000/- രൂപ പിഴയും വിധിച്ചുകൊണ്ട് 27.6.2007-ന് കൊല്ലം ഫസ്റ്റ്ക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേറ്റ് കോടതി ശിക്ഷിച്ചു. പ്രസ്തുത വിധിയ്ക്കെതിരെ ടിയാൻ കൊല്ലം സെഷൻസ് കോടതിയിൽ ഫയൽ ചെയ്ത അപ്പീൽ 22.3.2010-ൽ തള്ളുകയുണ്ടായി. തുടർന്ന് ടിയാൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ക്രിമിനൽ റിവിഷൻ പെറ്റീഷൻ (1376/10) ഫയൽ ചെയ്യുകയും ആയതിൽ കീഴ്ക്കോടതി വിധിച്ച ശിക്ഷ റദ്ദു ചെയ്തുകൊണ്ട് 20.04.2010-ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. ടി കേസ് കോടതിയിൽ നിലവിൽ വിചാരണയിലാണ്.

3. തിരുവനന്തപുരം വൈൽഡ്‌ലൈഫ് വാർഡനായിരുന്ന കാലയളവിൽ ശ്രീ. ആർ. രാജേന്ദ്രൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിരമിച്ചു) കോൺട്രാക്ടറുമായി കുറ്റകരമായ ഗൂഢാലോചന നടത്തി സർക്കാരിനെയും വനം വകുപ്പിനെയും വഞ്ചിച്ചു എന്ന കുറ്റത്തിന് ടിയാനെതിരെ വിജിലൻസ് കോടതിയിൽ നിലനിന്നിരുന്ന സി.സി. 8/2006 കേസിൽ ടിയാന് രണ്ട് വർഷം കഠിനതടവും, 25,000/- രൂപ പിഴയും ബഹു. വിജിലൻസ് കോടതി 30.11.2010 - ലെ വിധി പ്രകാരം വിധിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവു വരുത്താൻ താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് ടിയാന് സർക്കാർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

4. മൂന്നാർ വനം ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിലെ അനധികൃതമായി മരംമുറിച്ച് കടത്തിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി റെയിഞ്ചർ ശ്രീ. ജോസഫ് എം ജോർജ്ജിനെതിരെ രജിസ്റ്റർ ചെയ്ത സി.സി.നമ്പർ 497/05 നമ്പർ കേസ് 06.12.2011-ന് വിധിയായി. ടിയാന് കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 27(1)e(iii). N എന്നിവ അനുസരിച്ച് മൂന്നുവർഷം കഠിനതടവും 4000/- രൂപ പിഴയും കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 61 അനുസരിച്ച് രണ്ടുവർഷം കഠിനതടവും 3000/- രൂപ പിഴയും കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 27 (1) അനുസരിച്ച് 50.000/- രൂപ വീതം പിഴയും വിധിച്ചിട്ടുണ്ട്. 17/3/14-ലെ സ.ഉ. (സാ) 130/14/വനം പ്രകാരം ശ്രീ. ജോസഫ് എം ജോർജ്ജിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

## വിചാരണ ആരംഭിക്കാത്ത കേസ്സുകളുടെ വിവരം

1. മൂന്നാർ ഡിവിഷനിലെ റെയിഞ്ചിന്റെ പരിധിയിൽപ്പെട്ട മുക്കടം സെക്ഷന്റെ ഫോറസ്റ്റർ ശ്രീ. മുകേഷ്കുമാർ കൈക്കൂലി വാങ്ങിയതിന് VC-3/12/IDK നമ്പർ രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിലാണ്.

2. പാലക്കാട് ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള അരുവാക്കോട്, നെടുങ്കയം ഡിപ്പോകളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് 10379/എ2/12/വനം തീയതി 26.11.2013 നമ്പർ സർക്കാർ നിർദ്ദേശ പ്രകാരം റെയിഞ്ച് ഫോറസ്റ്റാഫീസർ ശ്രീ. കെ. കൃഷ്ണഗിരീശനെതിരെ 315/14 നമ്പരായി നിലമ്പൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിചാരണ ആരംഭിച്ചിട്ടില്ല.

3. മാങ്കുളം ഡിവിഷനിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. പി. രാജനെതിരെ മൂന്നാർ പോലീസ് സ്റ്റേഷനിൽ 255/14 നമ്പർ പ്രകാരം ക്രൈം ബുക്ക് ചെയ്യുകയും സെക്ഷൻ 354, 354(A), 509 (I) IPC of 119(A) KP Act പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തി അറസ്റ്റ് ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ ബി8-9964/14 തീയതി 10.03.2014 ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തു.

4. പുനലൂർ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷൻ ഓഫീസിലെ ലോവർ ഡിവിഷൻ ക്ലാർക്കായിരുന്ന ശ്രീ. കെ. രാഘവൻ ചെക്ക്നോട്ട് രജിസ്റ്റർ, ചെക്ക്ബുക്ക്, അക്വിറ്റൻസ്റോൾ തുടങ്ങിയ ഓഫീസ് രേഖകളിൽ കൃത്രിമത്വം കാണിച്ച് 78,243/- രൂപ അപഹരിക്കുകയുണ്ടായി. കേസിൽ പോലീസ് വിജിലൻസ് മുഖാന്തിരം അന്വേഷണം നടത്തുകയും VE.25/04/KLM നമ്പർ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ VC.11/08/KLM തീയതി 18.12.2008 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. അന്വേഷണം നടന്നുവരുന്നു. കണ്ണൂർ നോർത്തേൺ സർക്കിൾ ഓഫീസിൽ നോർത്ത് വയനാട് ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. എ. അനിൽകുമാറിന്റെ പേരിൽ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2/14 ആയും, കോട്ടയം പെരിയാർ ടൈഗർ ഫീൽഡ് ഡയറക്ടറുടെ ഓഫീസിൽ ഒരു സീനിയർ ക്ലാർക്ക്, ഒരു റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, രണ്ട് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെയുള്ള ക്രിമിനൽ കേസിന്റെ വിചാരണ ആരംഭിച്ചിട്ടില്ല. മറയൂർ സാൻഡൽ ഡിവിഷനിൽ ചന്ദന കള്ളക്കടത്ത് പ്രതി മരിച്ചത് സംബന്ധിച്ച കേസിൽ കോട്ടയം ഹൈറേഞ്ച് സർക്കിളിൽ നിലവിൽ ജോലി ചെയ്യുന്ന 3 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഒരു ഡെപ്യൂട്ടി റെയിഞ്ച് ഓഫീസറും പ്രതിയാണ്. മറയൂർ പോലീസ് സ്റ്റേഷൻ, പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ ക്രൈം നമ്പർ 725/12 ആയും കേസ്സിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കോട്ടയം ഡിവിഷനിലെ ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറുടെ പേരിൽ സ്ത്രീപീഢനത്തിനുള്ള കേസ് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ സി. ആർ. 475/14 ആയി അന്വേഷണം നടന്നുവരുകയാണ്.